പ്രസിദ്ധീകരണത്തിന്

ഫോൺ-ഓഫീസ് : 0471-2333487
ഫാക്സ് : 0471-2333460

തീയതി 01.01.2018

## പൊതുമരാമത്ത് മന്ത്രിയെ പൊതുജനങ്ങൾക്ക് നേരിട്ട് വിളിക്കാം

പൊതുമരാമത്ത് റോഡുകളെ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കുന്നതിനായി പരിഷ്കരിച്ച പരാതി പരിഹാരസെൽ മന്ത്രി ജി.സുധാകരൻ 14-09-2017-ന് കവടിയാർ കെ.എസ്.റ്റി.പി ഓഫീസിൽ ഉദ്ഘാടനം ചെയ്ത് പ്രവർത്തിച്ചുവരുന്നു. എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 9.30 മുതൽ വൈകുന്നേരം 7.30 വരെ പൊതുജനങ്ങൾക്ക് **18004257771** നമ്പറിലേക്ക് ടോൾഫ്രീ ആയി ജീവനക്കാരെ നേരിട്ട് വിളിച്ച് പരാതി അറിയിക്കാനുള്ള സംവിധാനം കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു. ഇതിന്റെ ഭാഗമായി എല്ലാ മാസവും ആദ്യത്തെ ബുധനാഴ്ച വൈകുന്നേരം 03.30 മുതൽ 04.30 വരെ പൊതുജനങ്ങൾക്ക് മന്ത്രി ജി. സുധാകരനെ വിളിച്ച് പരാതികൾ പറയാം. 2018 ജനുവരി മാസത്തെ ആദ്യ ബുധനാഴ്ചയായ 03-01-2018 ന് മന്ത്രിയെ വൈകുന്നേരം 03.30 മുതൽ 04.30 വരെ നേരിട്ട് വിളിച്ച് പരാതികൾ അറിയിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നു. പൊതുജനങ്ങൾ ഈ സംവിധാനം പരമാവധി പ്രയോജനപ്പെടുത്തണമെന്ന് മന്ത്രിയുടെ ഓഫീസ് അറിയിച്ചു.